## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4215** **12.11.2019 ൽ മറുപടിക്ക്**

## അമരവിള ചൂട്ടകൽ ഉൽപാദക ക്രയവിക്രയ സഹകരണ സംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ വ്യവസായ വകുപ്പിനുകീഴിൽ ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ചൂട്ടകൽ ഉൽപാദക ക്രയവിക്രയ സഹകരണ സംഘം ഭരണസമിതിയുടെ സാമ്പത്തിക ഇടപാടുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ആഡിറ്റ് റിപ്പോർട്ടിലും ഖാദി ബോർഡിന്റെ എൻക്വയറിയിലും കണ്ടെത്തിയിട്ടും എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) അമരവിള ചൂട്ടകൽ ഉൽപാദക ക്രയവിക്രയ സഹകരണ സംഘത്തിനെ സംബന്ധിച്ചുള്ള പരാതി അന്വേഷിക്കുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും പ്രസ്തുത അന്വേഷണത്തിൽ ഭരണസമിതി നിരവധി ക്രമരഹിത നടപടികൾ ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്ന് നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയും അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തു. എന്നാൽ പിരിച്ചുവിട്ട ഭരണസമിതി ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.14434/18 എന്ന കേസിൽ ഭരണസമിതിക്ക് തുടരാൻ അനുവാദം നൽകുകയും ചെയ്തു. തുടർന്ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ വേണ്ടിയുള്ള ഇലക്ഷൻ നടപടികൾ നിയമാനുസരണം പൂർത്തീകരിച്ച് 17.11.2018-ൽ പുതിയ ഭരണ സമിതി ഭരണം ഏറ്റെടുക്കുകയും ചെയ്തു. |
| (ബി) അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ രേഖാമൂലം വിശദീകരിക്കാമോ; | (ബി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി സമർപ്പിക്കുന്നു. |

(സി) സംഘത്തിന്റെ തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) സംഘവുമായി ബന്ധപ്പെട്ട തെരെഞ്ഞെടുപ്പിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകി മൽസരിച്ച അംഗത്തിനെതിരെ ഹൈക്കോടതിയിൽ ഉള്ള കേസിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(സി) യും (ഡി) യും സംഘത്തിന്റെ ഇലക്ഷനോടനുബന്ധിച്ച് വ്യാജ ജാതി സർട്ടിഫിക്കറ്റ് സമർപ്പിച്ചുവെന്ന് ആരോപിച്ച് WP(C) No.36044/18 നമ്പരായി ബഹു:ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെട്ടു. എന്നാൽ 15.11.2018-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഹർജിക്കാരനായ ശ്രീ. അരുൺ. ബി. എസ് എന്നയാൾക്ക് SC/ST ക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിലേയ്ക്ക് പ്രൊവിഷണലായി മൽസരിക്കാൻ അനുമതി നൽകി. ടി കേസിന്റെ അന്തിമവിധി വന്നിട്ടില്ല. ആയത് ലഭ്യമായതിനു ശേഷമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ.

സെക്ഷൻ ഓഫീസർ

അനുബന്ധം.

**അമരവിള ചുടുകല്ല് ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, ക്ലിപ്തം നമ്പർ കെ.വി.ഐ.എൻ.ഡി (റ്റി) 3, നെയ്യാറ്റിൻകര - യെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| I | സംഘത്തിന്റെ പേരും മേൽവിലാസവും | അമരവിള ചുടുകല്ല് ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, ക്ലിപ്തം നമ്പർ കെ.വി.ഐ.എൻ.ഡി (റ്റി) 3, നെയ്യാറ്റിൻകര പി.ഒ, തിരുവനന്തപുരം ജില്ല |
| II | പ്രവർത്തനപരിധി | ഈ സംഘത്തിന്റെ പ്രവർത്തനപരിധി നെയ്യാറ്റിൻകര താലൂക്കിലെ നെയ്യാറ്റിൻകര മുൻസിപ്പൽ പ്രദേശമായിരിക്കും. |
| III | സംഘത്തിന്റെ ഉദ്ദേശങ്ങൾ | |
| | a) ചുടുകൽ വ്യവസായം, ഓട് വ്യവസായം, മൺപാത്ര വ്യവസായം, കളിമണ്ണുമായി ബന്ധപ്പെട്ട പരമ്പരാഗതവും അല്ലാത്തതുമായ എല്ലാ വ്യവസായങ്ങളും, കക്കാ വ്യവസായവും നടത്തുക. | |
| | b) ചുടുകൽ വ്യവസായം, ഓട് വ്യവസായം, മൺപാത്ര വ്യവസായം തുടങ്ങി കളിമണ്ണുമായി ബന്ധപ്പെട്ട എല്ലാ പരമ്പരാഗതവും അല്ലാത്തതുമായ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും പൊതുനന്മക്കും സാമ്പത്തിക പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുക. | |
| | c) മെമ്പർമാരുടെ ഇടയിൽ മിതവ്യയത്തെയും, സ്വാശ്രയത്തെയും സഹകാരിതയേയും പ്രോത്സാഹിപ്പിക്കുക. | |
| | d) രജിസ്ട്രാറുടെ നിർദ്ദേശപ്രകാരമുള്ള വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുക. | |
| | e) വ്യവസായ പരിശീലന കേന്ദ്രങ്ങളും തൊഴിൽശാലകളും ഏർപ്പെടുത്തുകയും അവിടെ സംഘാംഗങ്ങൾക്കും മറ്റുള്ളവർക്കും തൊഴിൽപരിശീലനം നല്കുന്നതിന് ഏർപ്പാട് ചെയ്യുക. | |
| | f) പ്രവർത്തനപരിധിക്കകത്ത് മൺപ്രദേശങ്ങൾ ഒറ്റിക്കോ വിലയ്ക്കോ വാങ്ങിക്കുക. | |
| | g) സംഘത്തിന്റെ പൊതുലക്ഷ്യപ്രാപ്തിക്ക് ആവശ്യമായ മറ്റ് എല്ലാ പ്രവർത്തനങ്ങളും ചെയ്യുക. | |
| | h) ഖാദി ബോർഡിൽ നിന്ന് ധനസഹായം നല്കുന്ന മറ്റ് വ്യവസായങ്ങളും നടത്തുക. | |
| IV | രജിസ്റ്റർ ചെയ്ത തീയതി | 20/02/1973 |
| V | പ്രവർത്തനം ആരംഭിച്ച തീയതി | 23/02/1973 |
| VI | ആഡിറ്റ് ക്ലാസിഫിക്കേഷൻ | സി |
| VII | അംഗങ്ങൾ (31/03/2017) | 34 |
| VIII | വസ്തുവകകൾ | (ഉള്ളടക്കം - 25) |
| IX | ബാങ്ക് ബാലൻസ് (15/12/2017) | രൂ. 29,579.75 |

(തുടർച്ച ---- 3)

## X. സാമ്പത്തിക സ്ഥിതി

### 31/03/2016 – ആഡിറ്റ് ചെയ്ത ബാക്കിപത്രം

| ക്രമ നമ്പർ | കടം | തുക (രൂപ) | ക്രമ നമ്പർ | മുതൽ | തുക (രൂപ) |
|---|---|---|---|---|---|
| 1 | ഓഹരി മൂലധനം | 78820.00 | 1 | രൊക്കം ഇരിപ്പുതുക | |
| 2 | വായ്പകൾ | | | കൈവശം | 36687.00 |
| | ഖാദി ബോർഡ് | 406550.00 | | ബാങ്കിൽ | 173905.71 |
| | പെരുമ്പഴുതൂർ SCB | 264459.00 | 2 | ഓഹരി മറ്റ് സ്ഥാപനങ്ങളിൽ | 20000.00 |
| 3 | കരുതലുകൾ | 12567038.27 | 3 | മറ്റ് ആസ്തികൾ | 4934.00 |
| 4 | മറ്റ് ബാദ്ധ്യതകൾ | 1765340.80 | 4 | ജംഗമം | 1907361.84 |
| 5 | അഡ്വാൻസുകൾ | 12757959.78 | 5 | സ്ഥാവരം | 506598.13 |
| 6 | ലാഭം - മുൻ ആണ്ടിൽ | 1307578.13 | 6 | വില്പനക്കുള്ള നീക്കിയിരിപ്പ് സാധനങ്ങൾ | 3299750.59 |
| | | | 7 | അഡ്വാൻസുകൾ | 22605625.41 |
| | | | 8 | അറ്റനഷ്ടം | 592883.30 |
| | **ആകെ** | **29147745.98** | | **ആകെ** | **29111058.98** |

| | | |
|---|---|---|
| X | ജീവനക്കാരുടെ തസ്തികയും പേരും | 1) സെക്രട്ടറി - ശ്രീ. പവിത്രൻ. എൽ<br>2) ക്ലർക്ക് - ശ്രീമതി. നീമ. എസ് |
| XI | സെക്രട്ടറിയുടെ മേൽവിലാസം | ശ്രീ. പവിത്രൻ. എൽ,<br>പ്ലാവിള വീട്,<br>ഉറിയാക്കോട് പി.ഒ,<br>കാട്ടാക്കട, തിരുവനന്തപുരം. |
| | നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരും തസ്തികയും | 1) ശ്രീ. റ്റി. റോബിൻസൺ - പ്രസിഡന്റ്<br>2) ശ്രീ. എസ്. ശശികുമാർ - വൈസ് പ്രസിഡന്റ്<br>3) ശ്രീ. റ്റി. തങ്കയ്യൻ കമ്മിറ്റി അംഗം<br>4) ശ്രീ. ഡി. വിൽസ് ജോൺ കമ്മിറ്റി അംഗം<br>5) ശ്രീ. റ്റി. രത്നരാജ് കമ്മിറ്റി അംഗം<br>6) ശ്രീ. എ. റോബിൻസൺ കമ്മിറ്റി അംഗം<br>7) ശ്രീ. കെ. സുരേന്ദ്രൻ കമ്മിറ്റി അംഗം |
| | നിലവിലെ ഭരണസമിതി അംഗങ്ങൾ സ്ഥാനമേറ്റ തീയതി | 25/11/2013 |

## (I) അന്വേഷണ വിഷയങ്ങളും കണ്ടെത്തലുകളും

അമരവിള ചുടുകല്ല് ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, ക്ലിപ്തം നമ്പർ കെ.വി.ഐ.എൻ.ഡി (റ്റി) 3, നെയ്യാറ്റിൻകരയുടെ പ്രസിഡന്റും സെക്രട്ടറിയും, അഴിമതിയും മറ്റ് നിയമവിരുദ്ധപ്രവർത്തനങ്ങളും നടത്തുന്നതുമായി ബന്ധപ്പെട്ട്, ടി. സംഘത്തിലെ അംഗമായിരുന്ന ശ്രീ. എസ്. വിജയൻ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് നല്കിയ പരാതിയിലെ വിശദമായ തുടർ അന്വേഷണം.

ടി. പരാതി സംബന്ധിച്ചുള്ള വിശദമായ അന്വേഷണത്തിന്റെ ഭാഗമായി ടിയാളുടെ പരാതിയിലെ വിഷയങ്ങൾ സംബന്ധിച്ച് സംഘം കമ്മിറ്റിയോട് വിശദീകരണം ആവശ്യപ്പെടുകയും (ഉള്ളടക്കം - 1). ആയതിന് സംഘം കമ്മിറ്റിയിൽ നിന്ന് വിശദീകരണം ലഭിക്കുകയും ചെയ്തിട്ടുണ്ട് (ഉള്ളടക്കം - 2). ആയതിൻ പ്രകാരവും, ബന്ധപ്പെട്ട റിക്കോർഡുകൾ പരിശോധിച്ചതിൻപ്രകാരവും താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

1. നാഷണൽ ഹൈവേയോട് ചേർന്നുള്ള ടി. സംഘത്തിന്റെ 85 സെന്റ് സ്ഥലം കാരക്കോണം മെഡിക്കൽ കോളേജ് അധികാരികൾക്ക് വിറ്റിട്ട് ആധാരത്തിൽ വെറും 37 ലക്ഷം രൂപ മാത്രമാണ് കാണിച്ചിട്ടുള്ളതെന്നും ടി. സ്ഥലത്തിന് 1 കോടിയിലധികം രൂപ വിലയുണ്ടായിരുന്നുവെന്നും വില്പനയിൽ അഴിമതി നടന്നതായുമുള്ള ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ, നാഷണൽ ഹൈവേയോട് ചേർന്ന് നെയ്യാറ്റിൻകര വില്ലേജിൽ റീസർവ്വേ പ്രകാരം ബ്ലോക്ക് നമ്പർ 83 – ൽ സർവ്വേ നമ്പർ 84 പ്രകാരം 42.85 ആർസ് (ഒരു ഏക്കർ 6 സെന്റ്) സ്ഥലം ഉണ്ടായിരുന്നു. അതിൽ 7.60 ആർസ് സ്ഥലം 1998 – ൽ ദേശീയപാതയുടെ വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ആയതിന് 1,93,607/- രൂപ സംഘത്തിന് ലഭിക്കുകയും ചെയ്തിരുന്നു. അവശേഷിച്ച 35.25 ആർസ് സ്ഥലം (87 സെന്റ്) തൊഴിലാളികളുടെ പി.എഫ് കുടിശിക അടയ്ക്കുവാൻ വേണ്ടി വിൽക്കുവാൻ സംഘം പൊതുയോഗം തീരുമാനിച്ച് രജിസ്ട്രാറിൽ നിന്ന് അനുവാദവും വാങ്ങി വില്പനനടപടികൾ പുരോഗമിക്കവേ, പി.എഫ് അധികാരികൾ ടി. 35.25 ആർസ് സ്ഥലം പ്രോവിഡന്റ് ഫണ്ട് കുടിശിക ഈടാക്കുവാൻ വേണ്ടി അറ്റാച്ച് ചെയ്യുകയും പൊതുലേലത്തിൽ സെന്റിന് 25,500/- രൂപ നിരക്കിൽ 22,18,500/- രൂപക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ലേലതുക, പി.എഫ് കുടിശ്ശികതുക തീർക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ സംഘം ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും 2006 വരെയുള്ള പി.എഫ് കുടിശികയായ 37,42,657/- രൂപ അടയ്ക്കുവാൻ ലേലത്തിൽ പങ്കെടുത്തവർക്ക് അവസരം നല്കുവാൻ ബഹു. കോടതി ഉത്തരവായതനുസരിച്ച്, ടി. ലേലത്തിൽ പങ്കെടുത്ത സി.എസ്.ഐ സഭയുടെ സൗത്ത് കേരള ഡയോസിസ് പ്രതിനിധികൾ 28/05/2010 – ൽ 37,42,657/- രൂപക്ക് വില്പന നടത്തുകയുണ്ടായി. ടി. 35.25 ആർസ് (87 സെന്റ്) സ്ഥലം എഴുതിക്കൊടുത്തത് പി.എഫ് റിക്കവറി ഓഫീസറായ ശ്രീ. വർഗ്ഗീസ് കെ. ഡാനിയൽ (Asst. P.F Commissioner, Kerala) ആണ്. ടി. ഇടപാട് നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ആഫീസിലെ 10/06/2010 – ലെ 1400/2010 - ാം നമ്പർ ആധാരമായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു (ഉള്ളടക്കം - 3). ടി. തുക പി.എഫ് അധികാരികൾ സംഘത്തിന്റെ പി.എഫ് അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട് (ഉള്ളടക്കം - 4). ആയതിനാൽ ഇത് സംബന്ധിച്ചുള്ള പരാതിക്കാരന്റെ ആരോപണം നിലനിൽക്കുന്നതല്ല.

(തുടർച്ച ....5)

(II) ജീവനക്കാർക്ക് ശമ്പളം കൊടുക്കാതെ പലസമയങ്ങളിലായി സ്ഥലം വാങ്ങാൻ അഡ്വാൻസ് കൊടുത്തിട്ട് സംഘം പേരിൽ വസ്തു വാങ്ങാതെ സംഘം ഫണ്ട് ഉപയോഗിച്ച് സംഘം വൈസ്പ്രസിഡന്റിന്റെ പേരിൽ വസ്തു വാങ്ങി സംഘത്തിന് നഷ്ടമുണ്ടാക്കിയതായുള്ള ആരോപണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ സംഘം മണ്ണ് / സ്ഥലം വാങ്ങാൻ അഡ്വാൻസ് കൊടുത്തിട്ടുള്ളതിന്റെ വിവരം-

1. നെയ്യാറ്റിൻകര വില്ലേജിലെ ബ്ലോക്ക് നമ്പർ23 – ൽ റീസർവ്വേ നമ്പർ 44/2 – ൽ 1.20 ആർസ് 44/3 – ൽ 2.05 ആർസും 44/14 – 1 – ൽ 2.40 ആർസ് ഉൾപ്പെടെ 5.65 ആർസ് വസ്തുവിൽ നിന്നും മണ്ണെടുക്കുന്നതിന് 01/10/2016 – ൽ ശ്രീ. മോഹൻദാസ്, മകൻ ശ്രീ. സജൻ (സജൻ നിവാസ്, മരുതത്തൂർ) എന്നിവർ സംഘത്തിനുവേണ്ടി സംഘം പ്രസിഡന്റുമായി കരാർ ഉണ്ടാക്കുകയും; കരാർ പ്രകാരം അന്നേദിവസം 50,000/- രൂപയും 27/03/2017 – ൽ 30,000/- രൂപയും 21/06/2017 – ൽ 50,000/- രൂപയും കൂടി ആകെ 1,30,000/- രൂപ മണ്ണിന്റെ വിലയായി അഡ്വാൻസ് നല്കുകയും ചെയ്തിട്ടുണ്ട് (ഉള്ളടക്കം - 5).
2. ടി. വില്ലേജിൽ ടി. ബ്ലോക്കിൽ റീസർവ്വേ നമ്പർ44/16 – ൽ 2.85 ആർസും, 43/88 – ൽ 1.80 ആർസും കൂടി ആകെ 4.65 ആർസ് സ്ഥലം മണ്ണെടുക്കുന്നതിനുവേണ്ടി ശ്രീ. തങ്കപ്പൻ, കാഞ്ഞിരവിളാകം, പഴയകട – യുമായി 01/03/2017 – ൽ കരാർ ഉണ്ടാക്കുകയും അന്നേദിവസം 1,50,000/- രൂപ മണ്ണിന്റെ വിലയായി നല്കുകയും ചെയ്തിട്ടുണ്ട് (ഉള്ളടക്കം - 6).
3. ടി. വില്ലേജിൽ ടി. ബ്ലോക്കിൽ റീസർവ്വേ നമ്പർ 43/60 – ൽ 4.07 ആർസ് സ്ഥലം മണ്ണെടുക്കുന്നതിനുവേണ്ടി ശ്രീ. എസ്.റ്റി. ബിനുകുമാർ, ശ്രീമതി. D.S.വിജില ജോൺ (വടക്കേക്കര വീട്, മാറനല്ലൂർ, കമുകിൻകോട്) എന്നിവരുമായി 20/04/2017 – ൽ കരാർ ഉണ്ടാക്കുകയും അന്നുതന്നെ 1,50,000/- രൂപ മണ്ണിന്റെ വിലയായി നല്കുകയും ചെയ്തിട്ടുണ്ട് (ഉള്ളടക്കം - 7).
4. ടി. വില്ലേജിൽ ടി. ബ്ലോക്കിൽ റീസർവ്വേ നമ്പർ 43/73 – ൽ 8.20 ആർസ് സ്ഥലം സംഘത്തിന് വിലയാധാരമായി വാങ്ങുന്നതിന് ശ്രീ. ബാലകൃഷ്ണൻ, ഭാര്യ സരോജം (വളക്കുളത്ത് ബാലഭവൻ, ഇരുമ്പിൽ) എന്നിവരുമായി 22/04/2017 - ൽ കരാർ ഉണ്ടാക്കുകയും അന്നേദിവസം ആയതിലേക്ക് 1 ലക്ഷം രൂപ അഡ്വാൻസ് നല്കുകയും ചെയ്തിട്ടുണ്ട്. (ഉള്ളടക്കം - 8).

മണ്ണെടുക്കുവാൻ 2017 ഏപ്രിൽ മാസത്തിൽ 2,50,000/- രൂപ നല്കിയിരുന്നു. ആയതുമൂലം ഏപ്രിൽ മാസത്തെ ശമ്പളം മേയ് മാസം ആദ്യവാരത്തിൽ കൊടുക്കേണ്ടത് മേയ് മാസം 16 – നാണ് നല്കിയിട്ടുള്ളതായി കാണുവാൻ സാധിച്ചത്. മറ്റ് സാധാരണ മാസങ്ങളിലെല്ലാം അടുത്ത മാസം 5 മുതൽ 12 -ാം തീയതിക്കകമാണ് ശമ്പളം നല്കുന്നതായി കാണുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ സംഘം കൊടുത്തിട്ടുള്ള അഡ്വാൻസ് പ്രകാരം സംഘം വൈസ് പ്രസിഡന്റ് വസ്തു വാങ്ങിയതായി പരിശോധനയിലും അന്വേഷണത്തിലും കാണുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി. ആരോപണം നിലനിൽക്കത്തക്കതല്ല

(III) സംഘം മണ്ണെടുക്കാനായി കരാർ ഉറപ്പിച്ച സ്ഥലത്തിൽ നിന്നും മണ്ണ് കൊണ്ടുവരുന്നതിന് Mining and Geology വകുപ്പിൽ നിന്നും ഉത്തരവ് വാങ്ങി കള്ളപ്പാസ് ഉപയോഗിച്ച് 100 കണക്കിന് ലോഡ് മണ്ണ് തൃശ്ശൂരിലും, കൊല്ലത്തും അനധികൃതമായി വിറ്റതായുള്ള ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായി. അതനുസരിച്ച് നെയ്യാറ്റിൻകര വില്ലേജിൽ റീസർവ്വേ 32/1,2,3 – ൽപ്പെട്ട 20.14 ആർസ് സ്ഥലത്തുനിന്നും 2000 മെ. ടൺ ഇഷ്ടികച്ചെളി നീക്കം ചെയ്യുന്നതിന് സൊസൈറ്റിക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും24/11/2014 – ൽ അനുവാദവും (ഉള്ളടക്കം - 9) പാസ്സും ലഭിച്ചിരുന്നു. എന്നാൽ വ്യവസ്ഥകൾ ലംഘിച്ച് അനധികൃതമായി ചെളി നീക്കം ചെയ്തതായി 10/02/2015 – ൽ ടി. ആഫീസിൽ

നിന്നുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടതനുസരിച്ച് 2304 മെ. ടൺ ഇഷ്ടികച്ചെളിക്ക് റോയൽറ്റിയും പിഴയും ചേർത്ത് 97,160/- രൂപയും, പാസ്സ് ദുരുപയോഗത്തിന് 5,000/- രൂപ പിഴയും ഉൾപ്പെടെ 1,02,160/- രൂപ പിഴ അടയ്ക്കുവാൻ സൊസൈറ്റിക്ക് നോട്ടീസ് നല്കുകയും (ഉള്ളടക്കം - 10) ഇതിനെതിരെ സംഘം ഇൻഡസ്ട്രീസ് വകുപ്പ്, ജോയിന്റ് സെക്രട്ടറിക്ക് അപ്പീൽ നല്കിയിരിക്കുകയാണ്. എന്നാൽ എന്റെ അന്വേഷണത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും കൊടുത്ത പാസ്സിൽ ചെളി കൊണ്ടുവരുമ്പോൾ സ്ഥലവും സമയവും വയ്ക്കാതെ പാസ്സുകൾ നല്കിയതുമൂലം(ഉള്ളടക്കം - 11). ടി. പാസ്സുകൾ ദുരുപയോഗം ചെയ്തതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 5,000/- രൂപ പിഴ വിധിച്ചത്. ടി. പാസ്സ് ഉപയോഗിച്ച് തൃശ്ശൂരിലും, കൊല്ലത്തും ചെളി വിറ്റതായി പരാതിക്കാരൻ കാണിച്ചിട്ടുള്ളതും ഇതിനാലാണ്. ഇത്തരത്തിൽ പാസ്സ് ദുരുപയോഗം ചെയ്ത് സംഘം പ്രസിഡന്റിന്റെ നേതൃത്വത്തിൽ മറ്റ് സ്ഥലങ്ങളിലേക്ക് മണ്ണ് വിറ്റതായി പരാതിക്കാരന് നേരിട്ട് ബോദ്ധ്യമുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

IV. സംഘത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളായ വിറക്, മണ്ണെണ്ണ, ഓയിൽ തുടങ്ങിയവ യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഭരണസമിതി വാങ്ങുന്നതായുള്ള ആരോപണം സംബന്ധിച്ചുള്ള പരിശോധനയിൽ 15/02/2014-ലെ ഭരണസമിതി തീരുമാനപ്രകാരം, മണ്ണെണ്ണ, ഓയിൽ എന്നിവ വിപണിയിൽ സ്വതന്ത്രമായി ലഭിക്കാത്തതിനാൽ ആവശ്യാനുസരണം വാങ്ങാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിരുന്നു (ഉള്ളടക്കം - 12). എന്നാൽ 10,000/- രൂപ ഓരോ മാസവും ഓയിൽ വാങ്ങുന്നതിന് ചെലവ് ചെയ്യുന്നു. അതിന് സംഘത്തിന്റെ വൗച്ചർ മാത്രമാണ് രേഖയായിട്ടുള്ളത്. അതിൽ കീടം എണ്ണ — 10,000/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത് (ഉള്ളടക്കം - 13). എവിടെ നിന്ന് വാങ്ങി എന്നോ, എത്ര ലിറ്റർ വാങ്ങി എന്നോ ഒരു വൗച്ചറിലും കാണിച്ചിട്ടില്ല. എന്നാൽ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്. മണ്ണെണ്ണയും വിറകും ഓപ്പൺ മാർക്കറ്റിൽ നിന്നും ഇഷ്ടമുള്ള വിലയ്ക്ക് വാങ്ങുന്നു. ആയതിന് വൗച്ചർ / ബിൽ ഇല്ലാതെ രജിസ്റ്ററിൽ ഒപ്പിട്ട് രൂപ കൊടുക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ മാത്രമാണ് അളവും വിലയും കാണിക്കുന്നത് (ഉള്ളടക്കം - 14). ഒരു പൊതുസ്ഥാപനമായ സൊസൈറ്റിയുടെ ടി. പർച്ചേസുകൾ സുതാര്യമല്ല.

V. സംഘത്തിന്റെ ഉല്പന്നങ്ങൾക്ക് വിലവിവരപ്പട്ടിക ഒഴിവാക്കി പ്രസിഡന്റ് തോന്നുന്ന വിലയ്ക്ക് വിൽക്കുന്നതായുള്ള ആരോപണം അന്വേഷണത്തിൽ ശരിയാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. സംഘം ഓഫീസിനു മുന്നിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിലവിവരപ്പട്ടിക അനുസരിച്ചല്ല വില്പനബില്ലുകൾ എഴുതിയിട്ടുള്ളതെന്ന് പരിശോധനയിൽ കാണുവാൻ സാധിച്ചു. സൂപ്പർ ഇഷ്ടിക 18/- രൂപക്കും, 14/- രൂപക്കും, 12/- രൂപക്കും ഇത്തരത്തിൽ ഇഷ്ടമുള്ള വിലയ്ക്കാണ് വിറ്റതായി കാണുവാൻ സാധിച്ചിട്ടുള്ളത്. വില കൂട്ടിയും കുറച്ചും ഉല്പന്നങ്ങൾ വിൽക്കുന്നതിന് കൃത്യമായ തീരുമാനങ്ങൾ സംഘം കമ്മിറ്റി എടുത്തതായി കാണുന്നില്ല.

(തുടർച്ച.....7)

ഉദാ:-

**I. സൂപ്പർ ഇഷ്ടിക (ഉള്ളടക്കം - 15)**

| ക്രമ നം. | ഇൻവോയിസ് നം. | തീയതി | വിറ്റ തുക |
|---|---|---|---|
| 1 | 1411 | 21/07/2016 | @ രൂ. 18/- |
| 2 | 1161 | 28/04/2016 | @ രൂ. 14/- |
| 3 | 1106 | 02/04/2016 | @ രൂ. 12/- |

**II. ഇഷ്ടിക (ഉള്ളടക്കം - 16)**

| ക്രമ നം. | ഇൻവോയിസ് നം. | തീയതി | വിറ്റ തുക |
|---|---|---|---|
| 1 | 1407 | 20/07/2016 | @ രൂ. 7/- |
| 2 | 1408 | 21/07/2016 | @ രൂ. 6.75 |
| 3 | 1256 | 28/05/2016 | @ രൂ. 6.50 |
| 4 | 1257 | 30/05/2016 | @ രൂ. 6/- |
| 5 | 82 | 05/09/2016 | @ രൂ. 8/- |

ഇത്തരത്തിൽ മറ്റ് ഉല്പന്നങ്ങളും ഇഷ്ടമുള്ള വിലയ്ക്ക് വിൽക്കുന്നതായി കാണുവാൻ കഴിഞ്ഞു. ഈ സാമ്പത്തിക ക്രമക്കേട് അംഗീകരിക്കാവുന്നതല്ല. സംഘം നഷ്ടത്തിലേക്ക് പോകുന്നതിന്റെ ഒരു പ്രധാന കാരണമാണിത്.

VI. ഓരോ മാസത്തെയും വിറ്റുവരവ് പലപേരുകളിൽ കാണിച്ച് ഭരണസമിതി അഴിമതി നടത്തുകയാണെന്നുള്ള ആരോപണം സംബന്ധിച്ച് അന്വേഷണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട റിക്കാർഡുകൾ പരിശോധിച്ചപ്പോൾ യാതൊരു രേഖയുമില്ലാതെ (ബില്ലിൽ വാങ്ങുന്നയാളുടെ അഡ്രസ്സോ ഒപ്പോ, ചെക്ക് ലീഫ് വാങ്ങുകയോ) ഉപഭോക്താക്കൾക്ക് സംഘത്തിൽ നിന്നും കടംവില്പന നടത്തുന്നതായി കാണുവാൻ സാധിച്ചു. (ഉള്ളടക്കം - 16 എ) ആയതിനാൽ ടി. ആരോപണം ശരിയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് സാമ്പത്തിക ക്രമക്കേടായി കണക്കാക്കാവുന്നതാണ്. വില്പനബില്ലുകൾ പരിശോധിച്ചാൽ കടം / ക്യാഷ് ഇവ ഏതെന്ന് തിരിച്ചറിയുവാൻ സാധിക്കുകയില്ല. ടി. ഇനത്തിൽ നാളിതുവരെ 5,34,335/- രൂപ സംഘത്തിന് കിട്ടാനുണ്ട് (ഉള്ളടക്കം - 17).

VII. ജീവനക്കാർക്ക് കൂലി കൊടുത്തു എന്ന് പറഞ്ഞ് കളവായി കയറ്റുകൂലി / ഇറക്കുകൂലി, വണ്ടിവാടക എന്നീ ഇനങ്ങളിൽ ഭരണസമിതി സാമ്പത്തികം കൊള്ളയടിക്കുന്നു എന്നുള്ള ആരോപണം സംബന്ധിച്ചുള്ള അന്വേഷണത്തിൽ, ടി. സംഘത്തിലെ തൊഴിലാളികൾ തന്നെയാണ് ഉല്പന്നങ്ങൾ വാഹനങ്ങളിൽ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതെന്നും അതിനുള്ള കൂലി സംഘത്തിൽ നിന്ന് പ്രത്യേകമായി വാങ്ങുന്നതായും ജീവനക്കാർ ഒപ്പിട്ട രേഖകൾ സംഘത്തിൽ കാണുവാൻ കഴിഞ്ഞു (ഉള്ളടക്കം - 18). സംഘത്തിൽ നിന്നും പലപ്പോഴും വില്പനവിലയിലും താഴെ വിൽക്കുന്ന ഉല്പന്നങ്ങളുടെ കയറ്റ് / ഇറക്ക് കൂലി, വണ്ടിവാടക ഇവ സംഘത്തിൽ നിന്ന് കൊടുക്കേണ്ട

ആവശ്യമില്ല. ഇത് സംഘത്തിന് നഷ്ടം കൂട്ടുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഭരണസമിതി ജാഗ്രത പുലർത്തുന്നില്ല.

VIII. സംഘത്തിന്റെ പേരിൽ വാങ്ങിയ ടിപ്പർ ലോറിയുടെ ടയർ, സ്പെയർ പാർട്സ്, ഡീസൽ, വർക്ക് ഷോപ്പ് എന്നീ ഇനങ്ങളിൽ വൻതുക ചെലവ് കാണിക്കുകയും, ടിപ്പറിന്റെ മാറ്റിയ സാധനങ്ങൾ സ്റ്റോക്കിൽ കാണിക്കാതിരിക്കുകയും ചെയ്യുന്നു എന്ന ആരോപണം സംബന്ധിച്ചുള്ള അന്വേഷണത്തിൽ ടിപ്പറിന്റെ ഉപയോഗശൂന്യമായ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിരുന്നില്ല. എന്നിരുന്നാലും ഇതുസംബന്ധിച്ച് പരാതി ഉണ്ടായശേഷം 28/09/2017 – ൽ ഈ സാധനങ്ങൾ ലേലം ചെയ്തു 1,850/- രൂപയ്ക്ക് വിറ്റതായി കാണുവാൻ കഴിഞ്ഞിട്ടുണ്ട് (ഉള്ളടക്കം - 19).

ഭരണവകുപ്പിന്റെ അനുമതിയില്ലാതെ ടിപ്പർ ലോറി വാങ്ങിയത് തെറ്റായ നടപടിയാണ്. എന്നാൽ നാളിതുവരെയും ആയതിന് അംഗീകാരം വാങ്ങാതിരിക്കുന്നത് ശരിയായ നടപടിയല്ല. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ, വണ്ടി എവിടെനിന്ന്, എവിടെവരെ, എന്ത് ആവശ്യത്തിന് പോയി, എന്ന് കാണിക്കാറില്ല (ഉള്ളടക്കം - 20). ടിപ്പർ നാളിതുവരെ 78,115 കിലോമീറ്റർ ഓടിയിട്ടുണ്ട്. ടിപ്പറിന്റെ റിപ്പയറിംഗിന് 2016-17 വർഷം 93,691/- രൂപ ചെലവഴിച്ചിട്ടുണ്ട്. 28/05/2016 – ലെ വൗച്ചർ നമ്പർ 96 പ്രകാരം വെഹിക്കിൾ എക്സ്പെൻസ് എന്ന് കാണിച്ച് 28,770/- രൂപയുടെ ബിൽ കാണാൻ സാധിച്ചു. (ഉള്ളടക്കം - 21). ഇത് ഏത് വാഹനത്തിന്റെ എന്ത് ചെലവാണെന്ന് ബില്ലിൽ കാണിച്ചിട്ടില്ല. ഈ ബിൽ അംഗീകരിക്കാവുന്നതല്ല. ഇതും സാമ്പത്തിക ക്രമക്കേടാണ്. ഇത്തരത്തിൽ വാഹനത്തിന് അമിതമായ ചെലവ് കാരണം പ്രതിവർഷം 50,000/- രൂപ ടിപ്പറിന് നഷ്ടമുള്ളതായി കണക്കാക്കാൻ സാധിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഉപയോഗത്തിലും വാഹനത്തിന്റെ ചെലവിലും സംഘം കമ്മിറ്റിക്ക് നിയന്ത്രണം ഉള്ളതായി കാണുന്നില്ല.

IX. 321 അംഗങ്ങളുള്ള സംഘത്തിൽ 34 പേർക്ക് നോട്ടീസ് കൊടുത്ത് പൊതുയോഗം വിളിക്കുകയും യഥാസമയം പൊതുയോഗം നടക്കാതിരിക്കുകയും കൃത്രിമമായി പൊതുയോഗം കൂടിയതായി രേഖയുണ്ടാക്കുകയും ചെയ്തതായുള്ള ആരോപണം അന്വേഷിച്ചതനുസരിച്ച് സംഘം ബൈലാപ്രകാരം യോഗ്യരായ 34 അംഗങ്ങൾക്ക് നോട്ടീസ് നല്കി 10/09/2016 തീയതി പൊതുയോഗം വിളിച്ചിരുന്നു. അന്നേദിവസം പൊതുയോഗം കൂടുകയും പൊതുയോഗത്തിൽ 26 പേർ പങ്കെടുക്കുകയും യോഗനടപടികൾ പൂർത്തിയാക്കുകയും ചെയ്തതായി രേഖയുണ്ട്. പൊതുയോഗത്തിൽ പങ്കെടുത്തവരുമായി സംസാരിച്ചപ്പോൾ, യോഗനടപടികൾക്കിടെ ബഹളമുണ്ടാവുകയും യോഗനടപടികൾ പൂർത്തിയായില്ല എന്നുമാണ് യോഗത്തിൽ പങ്കെടുത്ത 7 പേർ അറിയിച്ചത്. എന്നാൽ കണക്കുകളും ബഡ്ജറ്റും അംഗീകരിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി. മിനിറ്റ്സ് യോഗത്തിൽ വായിച്ച് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല (ഉള്ളടക്കം - 22).

X. സംഘത്തിൽ ആവശ്യമായ മിക്ക രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവനപുസ്തകം, പി.എഫ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

XI. സംഘത്തിന് അത്യാവശ്യമായ വിറകിന് ക്വട്ടേഷൻ വാങ്ങാതെ വിറക് ഇറക്കിയും, തന്നിഷ്ടപ്രകാരം വിറക് ഇറക്കിയതായി രേഖ ഉണ്ടാക്കിയും ഓരോമാസവും ലക്ഷക്കണക്കിന് രൂപയുടെ അഴിമതി നടത്തുന്നു എന്നുള്ള ആരോപണം സംബന്ധിച്ചുള്ള പരിശോധനയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വിറകിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുവാൻ സാധിച്ചിട്ടില്ല. 14/07/2012 – ലെ കമ്മിറ്റി

(തുടർച്ച — 9)

തീരുമാനപ്രകാരം ക്വട്ടേഷൻ നിരക്കിൽ വിറക് വാങ്ങുന്നത് സംഘത്തിന് ഗുണകരമല്ലാത്തതിനാൽ അതതുദിവസത്തെ വിപണിവില നിരക്കിൽ എടുക്കുവാൻ തീരുമാനിച്ചിരുന്നു (ഉള്ളടക്കം - 23). ആയതിനാൽ സംഘം ഇഷ്ടമുള്ള വിലയ്ക്ക് പൊതുവിപണിയിൽ നിന്നും വിറക് വാങ്ങുന്നു. വിറകിന്റെ വിപണിവിലയേക്കാൾ 15 - 20 ശതമാനം കൂട്ടി പരസ്പരധാരണയിൽ ക്വട്ടേഷൻ പിടിക്കുന്നതിനാലാണ് ക്വട്ടേഷൻ വാങ്ങാത്തതെന്നുള്ള സംഘം കമ്മിറ്റിയുടെ മറുപടി തൃപ്തികരമല്ല. ഇത് അംഗീകരിക്കാവുന്നതുമല്ല. സംഘത്തിന്റെ ഈ നടപടി ചട്ടവിരുദ്ധവും സംഘം കമ്മിറ്റിയുടെ അധികാര ദുർവിനിയോഗവുമാണ്. മാർക്കറ്റിൽ വിലവ്യത്യാസം വരുന്നതിനാലാണ് ക്വട്ടേഷൻ വാങ്ങാത്തതെന്നുള്ള സംഘം കമ്മിറ്റിയുടെ മറുപടിയും തൃപ്തികരമല്ല. ഇത് സാമ്പത്തിക ക്രമക്കേട് നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയാണ്.

**<u>സംഘത്തിന്റെ പൊതുവായ വിവരങ്ങൾ പരിശോധിച്ചത്</u>**

1. സംഘത്തിൽ നിന്നും വില്പന നടത്തുന്ന ഉല്പന്നങ്ങൾക്ക് ഇടനിലക്കാർക്ക് കമ്മിഷൻ നല്കുന്നതായി വൗച്ചറിൽ കാണുവാൻ സാധിച്ചു (ഉള്ളടക്കം - 24). ഇത് ശരിയായ പ്രവണതയല്ല. ഇത് അഴിമതിയാണ്. 2016-17 വർഷം 1,27,267/- രൂപ കമ്മിഷൻ ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ഇത് ചട്ടവിരുദ്ധമാണ്.

2. സംഘത്തിലെ അംഗത്വപ്പട്ടികയിൽ നിന്നും ഓരോ വർഷവും റിട്ടയർ ചെയ്യുന്ന തൊഴിലാളികളെയും ജോലി ചെയ്തിരുന്നവരെ ചെളിയില്ലാത്തതിനാൽ ജോലിയില്ല എന്ന് പറഞ്ഞ് വിടുകയും പിന്നീട് അവരെ ജോലിക്ക് വിളിക്കാതെ അംഗത്വപ്പട്ടികയിൽ നിന്ന് പുറത്താക്കിയതായും കാണുന്നുണ്ട്. ഇത്തരത്തിൽ ഏത് അംഗത്തെ പുറത്താക്കണമെങ്കിലും (റിട്ടയർ ചെയ്ത തൊഴിലാളികളെയും മറ്റുള്ളവരെയും) അവർക്ക് വ്യക്തമായ കാരണം കാണിച്ചുകൊണ്ട് സംഘം കമ്മിറ്റി നോട്ടീസ് നല്കേണ്ടതാണ്. എന്നാൽ ടി. സംഘത്തിൽ അത്തരത്തിൽ അംഗത്വം ക്യാൻസൽ ചെയ്യുന്നതിന് നോട്ടീസ് കൊടുക്കുക മുതലായ നിയമപരമായ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഇത് ചട്ടവിരുദ്ധമാണ്.

3. സംഘത്തിൽ എല്ലാവർഷവും പൊതുയോഗം കൂടുന്നുണ്ടെങ്കിലും നാളിതുവരെയും ആഡിറ്റ് ചെയ്ത കണക്കുകളും റിപ്പോർട്ടും ന്യൂനതകളും അംഗങ്ങളുടെ അറിവിലേക്കായി പൊതുയോഗത്തിൽ അവതരിപ്പിച്ച് മിനിറ്റ്സ് റിക്കാർഡ് ചെയ്തിട്ടില്ല. ഇത് സഹകരണനിയമത്തിന്റെ ലംഘനമാണ്. (സെക്ഷൻ 29 (സി))

4. 2017 – ലെ ഓണത്തിന് കമ്മിറ്റി അംഗങ്ങൾക്ക് 2,000/- രൂപയും പ്രസിഡന്റിന് 5,000/- രൂപയും ഓണ അലവൻസായി കൊടുത്തു. തൊഴിലാളികൾക്കും മറ്റ് ജീവനക്കാർക്കും ഓണ അലവൻസ് നല്കിയില്ല. ഇത് സംഘം കമ്മിറ്റിയുടെ അധികാരദുർവിനിയോഗമാണ്.

5. സംഘത്തിന് ചെളിയെടുക്കുവാൻവേണ്ടി സ്ഥലം വാങ്ങിയിട്ടിരിക്കുമ്പോൾ അവിടെ നിന്ന് ചെളിയെടുക്കാതെ തോന്നുന്ന വിലയ്ക്ക് ബില്ലോ വൗച്ചറോ ഇല്ലാതെ സംഘം കമ്മിറ്റി ചെളി വാങ്ങുന്നതായി കാണുന്നു. ഇത് അംഗീകരിക്കാവുന്നതല്ല.

6. സംഘത്തിൽ ക്യാഷിന്റെ ഉടമസ്ഥൻ സംഘം പ്രസിഡന്റാണ്. എന്നാൽ ക്യാഷ് ബുക്കിൽ പ്രസിഡന്റ് ഒപ്പിടുന്നതായി കാണുന്നില്ല. ഇത് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായാണ് കാണുവാൻ സാധിച്ചിട്ടുള്ളത്. കൂടാതെ മിക്കദിവസങ്ങളിലും നിയമാവലി വ്യവസ്ഥയിലുള്ള പരിധിയിൽ കൂടുതൽ തുക ബാങ്കിൽ അടയ്ക്കാതെ പ്രസിഡന്റ് കൈവശം വച്ചിരിക്കുന്നതായി കാണുന്നു. ഇത് ചട്ടലംഘനമാണ്.

7. പ്രാഥമിക അംഗത്വത്തിന് യോഗ്യത നഷ്ടപ്പെട്ടവരെ ഭരണസമിതി അംഗങ്ങളായി തുടരുന്നതിന് അനുവദിച്ചുകൊണ്ടുള്ള ബൈലാ അംഗീകരിച്ച് നല്കിയ നടപടി നിയമവിരുദ്ധമാണ്. ആയതിൽ ഇപ്പോൾ നിലവിലുള്ള കമ്മിറ്റി അംഗങ്ങളായ ശ്രീ. റ്റി. തങ്കയ്യൻ, ശ്രീ. ഡി. വിൽസ് ജോൺ, ശ്രീ. കെ. സുരേന്ദ്രൻ എന്നിവർ കമ്മിറ്റി അംഗങ്ങളായി തുടരാൻ അയോഗ്യരാണ്.

8. സംഘത്തിന്റെ വാർഷികപൊതുയോഗം 25/11/2017 തീയതി നിശ്ചയിച്ചിരുന്നു. എന്നാൽ സംഘം ബൈലാപ്രകാരം യോഗ്യരായ 30 തൊഴിലാളികളായ അംഗങ്ങളുള്ളപ്പോൾ (ചുരുങ്ങിയത് 90%) തൊഴിലാളികളല്ലാത്ത 4 പേരെ അംഗത്വപ്പട്ടികയിൽ ഉൾപ്പെടുത്തി പൊതുയോഗനോട്ടീസ് നല്കിയതായി കാണുന്നു. എന്നാൽ 30 തൊഴിലാളികളായ അംഗങ്ങളുള്ളപ്പോൾ 3 പേർ മാത്രമേ തൊഴിലാളികല്ലാത്ത അംഗങ്ങൾ ഉണ്ടായിരിക്കുവാനും, അവർക്ക് മാത്രമേ പൊതുയോഗ നോട്ടീസ് നല്കുവാനും പാടുള്ളൂ. വാർഷിക റിപ്പോർട്ടിൽ 2016-17 വർഷത്തെ കണക്കുകളിൽ വരവ് - ചെലവ് കണക്കുകൾ കാണുവാൻ സാധിച്ചിട്ടില്ല. കൂടാതെ റിപ്പോർട്ടിൽ താൽക്കാലിക ബാലൻസ് ഷീറ്റിനുപകരം അന്തിമ ബാലൻസ് ഷീറ്റ് ചേർക്കുകയും എന്നാൽ കണക്കുകൾ ആഡിറ്റ് വിധേയമാണെന്ന് കാണിക്കുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകൾ പൊതുയോഗത്തിൽ അവതരിപ്പിക്കാൻ അജണ്ടയിൽ ചേർത്തിട്ടുമില്ല. 2018-19 – ലെ ബഡ്ജറ്റിൽ വിറ്റ് - വരവ് ഉൾപ്പെടെയുള്ള വരവുകളും അസംസ്കൃതസാധനങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള ചെലവുകളും പൂർണ്ണമായി ചേർത്തിട്ടില്ലാത്തതിനാൽ ബഡ്ജറ്റ് പൂർണ്ണമല്ല. ഖാദി ബോർഡിൽ വായ്പയിനത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക നിക്ഷേപം എന്ന തലക്കെട്ടിൽ തെറ്റായി ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ളതായി കാണുന്നു.

9. ജീവനക്കാരുടെ സെക്യൂരിറ്റി നിക്ഷേപം ബാങ്കിൽ നിക്ഷേപിക്കാതെ സംഘം പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് തെറ്റായ നടപടിയാണ്.

10. 36 തൊഴിലാളികൾക്ക് 2017 - ലെ ഓണത്തിന് കൊടുക്കേണ്ട ബോണസ്സ് നാളിതുവരെയും 16 പേർക്ക് മാത്രമേ കൊടുത്തിട്ടുള്ളൂ.

11. തൊഴിലാളികളുടെയും ജീവനക്കാരുടെയും 2017 മേയ് മാസം മുതൽ 2017 നവംബർ വരെയുള്ള 7 മാസത്തെ പി.എഫ് കുടിശ്ശികയായ 3,98,274/- രൂപയും, തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശികയായ 14,126/- രൂപയും ഇ.എസ്.ഐ കുടിശ്ശികയായ 94,437/- രൂപയും കൂടി ആകെ ക്ഷേമതുകയായ 5,06,837/- രൂപ അടയ്ക്കുന്നതിന് സംഘം കമ്മിറ്റി യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

12. 30/11/2013 മുതൽ 30/05/2017 വരെ റിട്ടയർ ചെയ്ത തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി തുകയായ 17,33,287/- രൂപ വിതരണം ചെയ്യാനുണ്ട്. ഈ തുക നല്കുന്നതിന് സംഘം കമ്മിറ്റി യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

പി.സി. രാജു,

അന്വേഷണ ഉദ്യോഗസ്ഥൻ,

(അസിസ്റ്റന്റ് രജിസ്ട്രാർ,

ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസ്, കൊല്ലം)

തിരുവനന്തപുരം,
28/12/2017

Radhakrishnan
സെക്ഷൻ ഓഫീസർ